# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2920

20.12.2012- ൽ മറുപടിക്ക്

## പാർട്ട് ടൈം അദ്ധ്യാപകരുടെ മുൻകാല സർവ്വീസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2011-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം, പാർട്ട് ടൈം അദ്ധ്യാപകരായി നിയമന അംഗീകാരം ലഭിച്ചവർക്ക് അവരുടെ മുൻകാല സർവ്വീസ് പിന്നീട് റെഗുലർ സർവ്വീസായി പരിഗണിക്കുമോ; എങ്കിൽ അഞ്ച് വർഷം മുൻകാല സർവ്വീസുള്ളവരെ ഫുൾ ടൈം അദ്ധ്യാപകരായി പരിഗണിക്കുമോ; | (എ) | അദ്ധ്യാപക പാക്കേജ് പ്രകാരം പാർട്ട് ടൈം അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഇവരുടെ മുൻകാല സർവ്വീസ് റെഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (ബി) 01.06.2008-ൽ ദിവസവേതനാടിസ്ഥാനത്തിൽ ഉറുദു അദ്ധ്യാപകരായി നിയമിക്കപ്പെടുകയും 14.06.2008-ന് അപ്രൂവൽ കിട്ടിയതിനുശേഷം ഒരു വർഷക്കാലം ദിവസ വേതനത്തിൽ ജോലി ചെയ്യുകയും ചെയ്ത അദ്ധ്യാപകർക്ക് അവർ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത കാലം സർവ്വീസായി പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ട്? | (ബി) | ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലം സർവ്വീസായി പരിഗണിക്കുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ